**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2519** **27-02-2023 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് സ്പിന്നിംഗ് മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് സ്പിന്നിംഗ് മില്ലിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എടരിക്കോട് ടെക്സ്റ്റൈൽസിൽ നിന്നും വിരമിച്ച 81 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ ആകെ 223.39 ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്. മില്ലിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം പ്രസ്തുത തുക യഥാസമയം നൽകുവാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നട പടികൾ ആരംഭിച്ചപ്പോൾ എടരിക്കോട് ടെക്സ്റ്റൈൽസ് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും 11 തൊഴിലാളികൾ ക്ക് കൊടുക്കേണ്ടി വരുന്ന 22.68 ലക്ഷം രൂപ 12 തവണകളായി അടച്ചു തീർക്കാൻ ഉത്തരവാകുകയും ചെയ്തു. ഇതിൽ ആദ്യ ഗഡുവായ 1.97 ലക്ഷം രൂപ 01.02.2023--ാം തീയതി അടച്ചു. വിരമിച്ച 24 തൊഴിലാളികൾ പാലക്കാട് ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ഗ്രാറ്റുവിറ്റി കേസ് ഫയൽ ചെയ്യുകയും 30 ദിവസത്തിനകം 68.72 ലക്ഷം രൂപ അടയ്ക്കാൻ മില്ലിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>മില്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് മുൻഗണനാക്രമത്തിൽ വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുത്ത് തീർക്കുന്നതിന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ടി. സി) നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്പിന്നിംഗ് മിൽ കൂടുതൽ ലാഭകരമാക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | മില്ലിന്റെ പൂർണ്ണതോതിലുള്ള ആധുനികവൽക്കരണത്തിലൂടെ പരമാവധി യന്ത്രവൽക്കരണം നടപ്പിലാക്കിയാൽ മാത്രമേ മിൽ ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. എടരിക്കോട് ടെക്സ്റ്റൈസിൽ നൂതനമായ സാങ്കേതിക വിദ്യയെ അടിസ്ഥാനപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ